# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7215** **11.07.2014 ൽ മറുപടിക്ക്**

## സപ്ലൈകോ ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) നിലവിൽ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II, സീനിയർ അസിസ്റ്റൻറ് I, എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; | (എ) സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റിന്റെ ( Direct ) 329 തസ്തികകളാണ് ഉള്ളത്. ആയതിൽ 100 എണ്ണം താൽക്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ കാലാവധി 31.03.2014ൽ അവസാനിച്ചു. ആയതിനാൽ നിലവിലുള്ള 20 ഒഴിവുകളിലേയ്ക്ക് പ്രമോഷൻ നടന്നിട്ടില്ല.<br>സീനിയർ അസിസ്റ്റന്റ് -IIന്റെ 19 തസ്തികകളാണ് ഉള്ളത്. ആയതിൽ ഒരു ഒഴിവുണ്ട്. പ്രമോഷൻ നടപടികൾ സപ്ലൈകോ മാനേജിംഗ് ഡയറക്ടറാണ് നടത്തുന്നത്. G.O(MS) 30/10 dt 04.09.2010 പ്രകാരം സ്റ്റേ നിലവിലുള്ളതിനാൽ സീനിയർ അസിസ്റ്റന്റ്-Iന്റെ തസ്തികയിൽ പ്രമോഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) 02.09.2013ൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത് തീരുമാനങ്ങളിൽ സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്കു വേണ്ടി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ; | (ബി) സപ്ലൈകോയുമായി ബന്ധപ്പെട്ട തൊഴിൽ പ്രശ്നങ്ങളും മറ്റു സേവന വേതന വ്യവസ്ഥകളും ചർച്ച ചെയ്തു പരിഹാരം കാണുന്നതിനായി ഗവൺമെന്റ് ഉത്തരവ് സ.ഉ.(സാധാ) നം.1910/2013/ തൊഴിൽ തീയതി 21.11.2013 പ്രകാരം വ്യവസായ ബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി 26.02.2014 ലും 08.07.2014 ലും യോഗം ചേരുകയുണ്ടായി. നിലവിലുള്ള ഹെൽപ്പേഴ്സ് സർവ്വീസ് റൂൾ 1978 , കോർപ്പറേഷൻ സർവ്വീസ് റൂൾസ് 1974 എന്നിവ പരിഷ്കരിച്ച് കോമൺ സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതിനും റിക്രൂട്ട്മെന്റ് പ്രമോഷൻ തയ്യാറാക്കുന്നതിനും എസ്.വിജകുമാർ, അഡീഷണൽ |

സെക്രട്ടറി ( റിട്ടയേർഡ്) -നെ ചുമതലപ്പെടുത്തുകയും ആയതിന്റെ കരട് രൂപം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് എല്ലാ സംഘടനകളിൽ നിന്നും ജീവനക്കാരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ മനുഷ്യവിഭവശേഷി പഠിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| (സി) | 73 അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ടി സർക്കാരിന്റെ മുന്നിലുള്ള ഫയലിന്റെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന എത്ര ഔട്ട്ലെറ്റുകൾ നിലവിലുണ്ട്. ഒരു എ.എസ്.എം ന് എത്രകാലം ഔട്ട്ലെറ്റിന്റെ ഇൻചാർജ്ജായി ജോലി ചെയ്യാവുന്നതാണ്; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന 1240 ഔട്ട്ലെറ്റുകൾ ഉണ്ട്. ഒരു എഎസ്.എം ന് ഔട്ട് ലെറ്റിന്റെ ഇൻചാർജ്ജായി ജോലി ചെയ്യാവുന്ന കാലം നിജപ്പെടുത്തിയിട്ടില്ല. ഇവർക്ക് ചാർജ് അലവൻസ് നൽകുന്നില്ല. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാന് ചാർജ് അലവൻസ് നൽകുവാൻ നിലവിൽ ഉത്തരവുകൾ ഒന്നും ഇല്ല. |
| (ഇ) | ജെ.എ.പോസ്റ്റുകൾക്ക് ആനുപാതികമായി എസ്.എ. II എസ്.എ. I തസ്തികൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | | ഇത് സംബന്ധിച്ച ശുപാർശകളൊന്നും സർക്കാരിന്റെ മുൻപിലെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**